(ബി) റോഡിന്റെ പ്രവർത്തി ഇപ്പോൾ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(സി) വനത്തിൽ കൂടിയുള്ള റോഡ് നിർമ്മാണത്തിന് കേന്ദ്ര അനുമതി ലഭിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പൂഴിത്തോട്-പടിഞ്ഞാറത്തറ റോഡിന്റെ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വരുന്ന 10.435 കി.മീറ്ററിൽ 8.08 കി.മീ. ഭാഗത്തെ പണികൾ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന 32.335 കി. മീ. റോഡിന്റേയും വാരംപറ്റ പാലത്തിന്റേയും പണികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ടി റോഡിന്റെ സിംഹഭാഗവും വനം വകുപ്പിന്റെ അധീനതയിലാണ്.

(ബി) ഇല്ല. വനം വകുപ്പിൽ നിന്നും റോഡിന്റെ ബാക്കി ഭാഗം വിട്ടു കിട്ടിയിട്ടില്ല.

(സി) വനം വകുപ്പിന്റെ അധീനതയിൽ ഉള്ള പ്രസ്തുത റോഡ് വിട്ടു കിട്ടാനുള്ള കേന്ദ്രാനുമതി തേടിയിട്ടുണ്ട്.

പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത കോഴിക്കോട് കോർപ്പറേഷൻ റോഡുകൾ

142 [2213] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷന്റെ അധീനതയിലുള്ള ഏതെല്ലാം റോഡുകളാണ് 2004-05 സാമ്പത്തിക വർഷം പി.ഡബ്ല്യു.ഡി ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2005-06 സാമ്പത്തിക വർഷം ഏതെല്ലാം റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) 2005-06-ൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന റോഡുകൾ താഴെപ്പറയുന്നവയാണ്.

1. ഗാന്ധി റോഡ്-കൃസ്ത്യൻ കോളേജ് റോഡുകൾ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. ക്രോസ് റോഡ് അശോകപുരം മിനി ബൈപാസ് റോഡ്
3. രാജാജി റോഡ് ജംഗ്ഷൻ ശ്മശാനം വരെ പ്ലാനിറ്റോറിയം-മൊഫ്യൂസൽ ബസ്റ്റാന്റ് ജംഗ്ഷൻ വരെ.
4. ചെറുപ്പ് കുട്ടിക്കടവ് റോഡ്.

കെ.എസ്.ടി.പി.-യിൽ ഉൾപ്പെടുത്തിയ കാസർഗോഡ് ജില്ലയിലെ റോഡുകൾ

143 [2214] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തി ഏതൊക്കെ റോഡുകളാണ് അഭിവൃദ്ധിപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കെ.എസ്.ടി.പി. ഏറ്റെടുത്ത കാസർഗോഡ് കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ പണി എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ;

(സി) ജില്ലയിൽ പുതിയ റോഡുകൾ കെ.എസ്.ടി.പി.-യിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ റോഡുകളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് വിശദമാക്കാമോ?

ഉത്തരം

(എ) ഒന്നാം വർഷ ഹെവി മെയിന്റനൻസിൽ ഉൾപ്പെടുത്തി ചേർക്കള-ജൽസൂർ റോഡ് (41 കി. മീറ്റർ) പണി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) രണ്ടാം ഘട്ട അപ്ഗ്രഡേഷനിൽ ഉൾപ്പെടുത്തി ടെണ്ടർ സ്വീകരിച്ചു കഴിഞ്ഞു. പണി മെയ് 2005-ൽ തുടങ്ങാമെന്ന് പ്രതീക്ഷിക്കുന്നു.

(സി ആന്റ് ഡി) പുതിയ റോഡുകൾ ഇപ്പോൾ ഏറ്റെടുക്കുന്ന പദ്ധതിയില്ല.

മീനാട്-കല്ലുവാതുക്കൽ റോഡ് നിർമ്മാണം

144 [2215] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ മീനാട്-കല്ലുവാതുക്കൽ റോഡ് നിർമ്മാണത്തിന് ഇതുവരെ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly